**അടിയന്തിരം**

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1
**തീയതി : 04/01/2020**

**No.Fin.B5/104914/18/HSE**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം (ഹയർ സെക്കന്ററി വിഭാഗം) - റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകളുടെ അസാധാരണ കാലതാമസം - റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- (1) ധനകാര്യ വകുപ്പിന്റെ 13/07/2018 - ലെ 63/2018/Fin. നമ്പർ സർക്കുലർ
(2) ധനകാര്യ വകുപ്പിന്റെ 25/05/2019 - ലെ 54/2019/Fin. നമ്പർ സർക്കുലർ
(3) എ.ജി. യുടെ 29/10/2019 - ലെ No.DAE4/G1/Recon/19-20/000059 നമ്പർ കത്ത്

റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിലേക്ക് "റീ കൺസിലേഷൻ റിപ്പോർട്ട്സ്" എന്ന പേരിൽ ബിംസ് ആപ്ലിക്കേഷനിലെ ബില്ല് സെക്ഷനിൽ പുതിയ ഒരു മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ഡി.ഡി. ഒ. മാരുടെയും ലോഗിനിൽ ഇത് ലഭ്യമാണ്. ഡി.ഡി.ഒ. മാർ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് സ്പാർക്ക് (ശമ്പള, ശമ്പളേതര) ബില്ല്, ബിംസ് (കണ്ടിജന്റ്) ബില്ല് എന്നിവയിൽ നിന്നും ബില്ല് ക്രമത്തിൽ വിവരങ്ങളുടെ റിപ്പോർട്ട് എടുത്ത് പരിശോധിക്കാവുന്നതാണ്. ഈ റിപ്പോർട്ട് ഡി.ഡി.ഒ. മാരുടെ ബിൽ ബുക്കിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിച്ച് അനുവദിക്കപ്പെട്ട ശീർഷകങ്ങളിൽ നിന്നു തന്നെയാണോ തുക മാറിയിട്ടുള്ളത്, തുകയുടെ കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഈ വകുപ്പിന്റെ പരിധിയിലുള്ള എല്ലാ ഡി.ഡി.ഒ. മാരും **User Id - 1768, Passward - Ag 8231#** ഉപയോഗിച്ച് ***www.agker.cag.gov.in*** എന്ന സൈറ്റിൽ ലഭ്യമായിട്ടുള്ള അതാത് ഡി. ഡി.ഒ മാരുടെ ട്രഷറികളിൽ നിന്നുള്ള ബിൽ മാറിയതിന്റെ വിവരങ്ങളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ പരിശോധിച്ചതിൽ അനുവദിച്ച ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി ബിൽ മാറിയിട്ടുണ്ടെങ്കിലോ തുകയിൽ വ്യത്യാസമുണ്ടെങ്കിലോ വിവരം ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതുമാണ്. ഇപ്രകാരം 2019 – 2020 സാമ്പത്തിക വർഷം മുതൽ വരവ് ചെലവ് കണക്കുകളുടെ റീകൺസിലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. സൂചന (2) പ്രകാരം റീ കൺസിലേഷൻ റിപ്പോർട്ട് ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാർ നൽകിയിരിക്കുന്നതിനാൽ നിർദ്ദേശങ്ങൾ എല്ലാ ഡി.ഡി. ഒ. മാരും കർശനമായി പാലിക്കേണ്ടതാണ്.

**ഒപ്പ്/-**
**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**

പകർപ്പ്:-
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും
ആർ.ഡി.ഡി. മാർക്കും